# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂത്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR(P11)679/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR(P11)679/2022. തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ പൂത്തുര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പൂത്തുര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-04-2022 | 04-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 04-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.പി.ഷോബി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. പി.ജി.സദാനന്ദൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി പി.എ.പ്രവിദ, അസി.ഓഡിററ് ഓഫീസർ
ശ്രീ. സ്റ്റാൻലി.പി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത.ആർ, സീ.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-07-2019 | 06-08-2019 |
| ശ്രീമതി ജമുന പി കെ | സെക്രട്ടറി | 07-08-2019 | 20-11-2019 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2019 | 23-11-2019 |
| ശ്രീമതി ജമുന പി കെ | സെക്രട്ടറി | 24-11-2019 | 24-11-2019 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-11-2019 | 31-03-2020 |
| ശ്രീമതി സുഷമ.പി | സെക്രട്ടറി | 01-04-2019 | 21-07-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അർച്ചന വിശ്വനാഥ് | കൃഷി ഓഫീസർ | 01-04-2019 | 08-10-2019 |
| ശ്രീമതി ലാലിമ്മ ജോർജ്ജ് | കൃഷി ഓഫീസർ | 09-10-2019 | 31-03-2020 |
| ഡോ ജിനോ ജോസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ ആർ സ്മിത | മെഡിക്കൽ ഓഫീസർ, ജി എ ഡി | 01-04-2019 | 31-03-2020 |
| ഡോ സീമ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി രമണി കെ വി | ഹെഡ്മിസ്ട്രസ്സ്,ജി ജെ ബി എസ്,മതിക്കുന്ന് | 01-04-2019 | 31-03-2020 |
| ശ്രീമതി ആൻസി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി റഹീന | വി ഇ ഒ,പുത്തൂർ സർക്കിൾ(ഇൻ ചാർജ്ജ്) | 01-04-2019 | 27-09-2019 |
| ശ്രീമതി സുധ പി വി | വി ഇ ഒ, പുത്തൂർ സർക്കിൾ | 28-09-2019 | 31-03-2020 |
| ശ്രീമതി റഹീന | വി ഇ ഒ,മരത്താക്കര സർക്കിൾ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി എമി ആനി ഐസക് | വി ഇ ഒ,മാന്നാമംഗലം സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീ മഹേഷ് | ഡയറി ഫാം ഇൻസ്റ്റ്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ സുബ്രഹ്മണ്യൻ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ജെപി ചിരിയങ്കണ്ടത്ത് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സുജ ജോർജ്ജ് സി | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി സെക്ഷൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Stanley P S (Asst. Audit Officer, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Stanley P S (Asst. Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunitha.R (Senior Grade Auditor, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Stanley P S (Asst. Audit Officer, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: P.A.Pravida (Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya.A (Auditor, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-9 |
| 10 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-1 |
| 12 | വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-2 |
| 13 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-3 |
| 14 | വസ്തു നികുതി-അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-4 |
| 15 | വരവിനങ്ങൾ -കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-5 |
| 16 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-10-6 |

| | | |
|---|---|---|
| | Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-7 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-8 |
| 19 | Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-9 |
| 20 | ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-10 |
| 21 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 04-05-2022) | 1-10-11 |
| 22 | Capital Work In Progress -ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 04-05-2022) | 1-10-12 |
| 23 | തൊഴിൽ നികുതി- ട്രേഡേഴ്സ് കുടിശ്ശിക വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-13 |
| 24 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Sunitha.R (Senior Grade Auditor, On 04-05-2022) | 1-10-14 |
| 25 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-15 |
| 26 | ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-10-16 |
| 27 | രസീതു പരിപാലനം- അപാകതകൾ<br>Written By: Dhanya.A (Auditor, On 08-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-11 |
| 28 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ<br>Written By: Dhanya.A (Auditor, On 08-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-12 |
| 29 | പഞ്ചായത്ത് ഹാൾ-വാടക വരവില്ല<br>Written By: Dhanya.A (Auditor, On 08-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-13 |
| 30 | ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 08-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-14 |
| 31 | ബൈലോ നിബന്ധനകൾ പാലിച്ചില്ല.പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് മുറി ലേലം കൊണ്ടയാൾ മറ്റൊരാൾക്ക് കൈമാറി<br>Written By: Dhanya.A (Auditor, On 08-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-15 |

| | | |
|---|---|---|
| 32 | പട്ടയഭൂമിയിൽ വ്യവസായ ആവശ്യത്തിനായി പെർമ്മിറ്റ് അനുവദിച്ചത്-തുടർനടപടികൾ അറിയിക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-16 |
| 33 | എൽ പി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-17 |
| 34 | പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -പട്ടികവർഗ്ഗ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-18 |
| 35 | പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-12960 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-19 |
| 36 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Sunitha.R (Senior Grade Auditor, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-20 |
| 37 | തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷം - കുടുംബശ്രീ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-21 |
| 38 | ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് തുക നൽകി - 8321 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-22 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ-കം-സ്കാന്നർ വാങ്ങൽ - അധികം അടവാക്കിയ തുക കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-23 |
| 40 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ചെലവ്/വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-24 |
| 41 | പുത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സൌകര്യം വർധിപ്പിക്കൽ - നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയ തുക വിനിയോഗിച്ചില്ല<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-25 |
| 42 | എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ബ്ലോക്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-26 |
| 43 | എസ്.സി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-27 |
| 44 | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-28 |
| 45 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ | 1-29 |

| | | |
|---|---|---|
| | മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | |
| 46 | ഭവനപുനരുദ്ധാരണം - ഫയൽ ലഭ്യമാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-30 |
| 47 | കന്നുകുട്ടി പരിപാലനം -അധിക സബ്സിഡി എസ് എൽ ബി പി യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 04-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 1-31 |
| 48 | തെങ്ങിൻതൈ വിതരണം-അധികസബ്സിഡി നൽകി<br>Written By: P.A.Pravida (Audit Officer, On 04-05-2022)<br>Last Updated By: Dhanya.A (Auditor, On 12-05-2022) | 1-32 |
| 49 | ഡയറി ഫാം ഇൻസ്ട്രക്ടർ ക്യാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-33 |
| 50 | തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 2347/- ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-34 |
| 51 | റോഡു പ്രവൃത്തികൾക്ക് 5% ന്റെ പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-35 |
| 52 | മരാമത്തു പ്രവൃത്തി ലേലം കൊണ്ടയാൾ പ്രവൃത്തി നിർവഹണത്തിൽ നിന്ന് വിട്ടു നിന്നു. ഇ.എം.ഡി ₹ 30250- മുതൽക്കൂട്ടിയില്ല.<br>Written By: Shobby.V.P (Audit Officer, On 02-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-36 |
| 53 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-37 |
| 54 | പ്രൊജ.നം. 292/19-20 കുടുംബശ്രീ ഓഫീസ് നവീകരണം പൂർത്തിയായിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തെങ്ങിൻതൈ വിതരണം-അധികസബ്സിഡി നൽകി<br>Written By: P.A.Pravida (Audit Officer, On 04-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 3-1 |
| 2 | ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് തുക നൽകി - 8321 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 05-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 3-2 |
| 3 | എസ്.സി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 3-3 |
| 4 | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 3-4 |

| | | |
|---|---|---|
| 5 | എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി<br>Written By: P.G.Sadanandan (Audit Officer, On 09-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ)<br>Written By: Shobby.V.P (Audit Officer, On 07-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ)<br>Written By: Shobby.V.P (Audit Officer, On 07-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Shobby.V.P (Audit Officer, On 07-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shobby.V.P (Audit Officer, On 07-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 10-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 10-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 10-05-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Shobby.V.P (Audit Officer, On 10-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shobby.V.P (Audit Officer, On 10-05-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Dhanya.A (Auditor, On 10-05-2022)<br>Last Updated By: Dhanya.A (Auditor, On 10-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 23.2.2019, തീരുമാനം4( 1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 467031182- | 419398769- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 23.03.2020 തീരുമാനം1 (2) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 622995997/- | 669919791/- |

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I)ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

( Ii) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2020 | 12.09.2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 63331139 |
| വരവ് | 110418345 |
| ആകെ | 173749484 |
| ചെലവ് | 116615196 |
| നീക്കിയിരിപ്പ് | 57134288 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 28161547 | 20150070 | 8011477 |
| വികസനഫണ്ട്-എസ് സി പി | 16922183 | 8869096 | 8053087 |
| വികസനഫണ്ട്-ടി എസ് പി | 1032422 | 238967 | 793455 |
| മെയിന്റനൻസ്-റോഡ് | 19280000 | 12319287 | 6960713 |
| മെയിന്റനൻസ്-റോഡിതരം | 7308000 | 4112074 | 3195926 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 19149721 | 7652173 | 11497548 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | | | | | ശതമാനം |
| 360 | 245739735 | 149 | 97366418 | 129 | 82 | 41.38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11476 | 108683400 | 1098310 | 1098309 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 22301086 | 22301086 | - | - |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്. 2019-20 വർഷത്തെ വാർഷികകണക്ക് ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6 ശീർഷകം : 160100601 NREGA പ്രകാരം ₹24766886/- ഷെഡ്യൂൾ I-14(a) ശീർഷകം :251300801 Total Poverty Alleviation പ്രകാരം ₹24766886 എന്നതാണ്. മേൽ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 4071000 | 212 |
| വിധവാ പെൻഷൻ | 13276800 | 692 |
| വാർദ്ധക്യകാല പെൻഷൻ | 21921600 | 1141 |
| വികലാംഗ പെൻഷൻ | 3121300 | 160 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1278000 | 67 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-04-2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,932/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ശരാശരി നിലവാരം പുലർത്തുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളിൽ വിവിധ പ്രവൃത്തികളുടെ പേരു വിവരങ്ങൾ സുവ്യക്തമായി എഴുതുന്നില്ല. ആഭ്യന്തര നിയന്ത്രണം ഉറപ്പ് വരുത്തുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 വാർഷിക ധനകാര്യ പത്രിക പരിശോധന

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്കുള്ള മറുപടി അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 41/30.4.22)

### 1-10-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി

പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2-1തൻവർഷം

എ) റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3645270 | 3138907 | 178894 | 334806 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3645270 | 3124480 | 185984 | 335241 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(352003/105X100) =325241 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (ചെറിയ തുക വ്യത്യാസം റൗണ്ട് ഓഫ് ആയി പരിഗണിച്ച് സഞ്ചയയിലെ ബാലൻസ് എടുക്കുന്നു) |

ബി)നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5344910 | 4640711 | 122627 | 588593 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5344910 | 4630816 | 125501 | 588593 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (618189/105X100)= 588751 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (ചെറിയ തുക വ്യത്യാസം റൗണ്ട് ഓഫ് ആയി പരിഗണിച്ച് സഞ്ചയയിലെ ബാലൻസ് എടുക്കുന്നു) |

2-2കടിശ്ശിക

എ) റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1412868 | 1077521 | 345461 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1387939 | 1077521 | 345461 |
| | (2018-19ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)*543679+913657/105*100 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ | 363986/105*100=346653 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (ചെറിയ തുക വ്യത്യാസം റൗണ്ട് ഓഫ് ആയി പരിഗണിച്ച് |

| | | | |
|---|---|---|---|
| | | ആർ.പി-43) | സഞ്ചയയിലെ ബാലൻസ് എടുക്കുന്നു) |

ബി)നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2326932 | 1200691 | 1133659 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *3245226 | 1200691 | 1133659 |
| | (2018-19ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 *1662569+1744919/105*100 | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | 1190726/105*100 =1134025 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (ചെറിയ തുക വ്യത്യാസം റൗണ്ട് ഓഫ് ആയി പരിഗണിച്ച് സഞ്ചയയിലെ ബാലൻസ് എടുക്കുന്നു) |

*2-3* "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2-4)ബാലൻസ്ഷീറ്റ്ഷെഡ്യൂൾബി-15 പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക ( 5% ലൈബ്രറി സെസ്സ് ഉൾപ്പടെ ) 2524904/-രൂപയാണ്.ഇതു പ്രകാരം ഇതേ ഷെഡ്യൂളിൽ 431910101 State Govt Cesses/levies In Property Tax " എന്ന ശീർഷകത്തിൽ വരേണ്ട തുക 120233 ( 34949x 5/105) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 122385 രൂപ ചേർത്തിട്ടുണ്ട് . വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2-5) തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 508985/--രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 507536/-രൂപയുമാണ്. വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല .

## 1-10-3 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ 294പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും, "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു . ഈ ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി

സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 വസ്തു നികുതി-അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു.

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 185984/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.7.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| | 41900577 | 31.3.2020 | 185984 |

## 1-10-5 വരവിനങ്ങൾ -കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 255752 | 29.5.2019 | 431400101 |
| 2. | Profession Tax(Institutions/traders Etc) | 110200101-Profession Tax(Institutions/traders Etc) | 444700 | 29.5.2019,1.3.20 | 431190101 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-6 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

3. വാടക ഡിമാന്റ് രജിസ്റ്റർ

4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6196851/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5237410/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-10-8 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്ഥികളുടെ അസ്ഥിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-9 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income-Property Tax On Residential Buildings | 150710 |
| 280100102-Prior Period Income-Profession Tax -Institutions/professionals/Traders | (26140) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 1016558 |
| 280200401-Prior Period- Income- Other Income | 5400 |
| 280600499-Prior Period Expenses-Remissions & Refund- Other Incomes | (1840) |
| 280800501-Prior Period- Programme Expenses | 3190 |
| 280800701-Prior Period-miscellaneous Expenses | (423741) |

### 1-10-10 ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 1-10-11 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 533,28,056/- രൂപയാണ്. 31/3/2020 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 598,47,051 രൂപയാണ്. തൻവർഷം കൂട്ടതലായി ചേർത്തിരിക്കുന്നത് ആകെ 6518995 രൂപ മാത്രമാണ് .വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല എന്ന് വ്യക്തമാണ്.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-12 Capital Work In Progress -ജേണൽ വൌച്ചർ ഹാജരാക്കിയിട്ടില്ല.

31.03.2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 912338/- രൂപയാണ്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-13 തൊഴിൽ നികുതി- ട്രേഡേഴ്സ് കുടിശ്ശിക വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

2018-19 വാർഷിക കണക്കിൽ B-15 പ്രകാരം തൊഴിൽ നികുതി- ട്രേഡേഴ്സ് ഇനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2019-20 വർഷത്തിൽ തൊഴിൽ നികുതി- ട്രേഡേഴ്സ് - കുടിശ്ശികയിനത്തിൽ 21190 രൂപ വരവുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-10-14 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ ജേണൽ വൌച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 9167382/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൌച്ചർ ലഭ്യമാക്കിയിട്ടില്ല.

## 1-10-15 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ താഴെ കൊടുക്കുന്ന ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | ഇനം | 31.03.2020 ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | Centrally Sponsored Scheme -Total Sanitation Campaign | 65,796 |
| 2 | Literacy Scheme Grant | 1,00,000 |
| 3 | Grant From Suchithwa Mission | 26,95,470 |
| 4 | Nirmal Puraskar | 5,00,000 |

## 1-10-16 ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയിട്ടില്ല.

| ക്ര.ന | ബാങ്ക് | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്(31.03.2020) |
|---|---|---|
| 1 | Puthur Service Co Operative Bank(own Fund-2919) | 1009 |
| 2 | Puthur Service Co Operative Bank-other 9316 | 1051 |
| 3 | Puthur Service Co | 7,08,038 |

| | | |
|---|---|---|
| | Operative Bank-MN Lakshamveedu | |
| 4 | SBT Plan-9286 | 1,46,717 |

ട്രാൻസാക്ഷനുകളില്ലാത്ത അക്കൗണ്ടുകളാണെങ്കിൽ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 രസീതു പരിപാലനം- അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)ഓഫീസ് ഉപയോഗത്തിനായി നല്കിയ രശീതി പുസ്തകങ്ങളുടെ അപാകതകൾ

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 എന്നിവയനുസരിച്ച് രസീതുബുക്കുകളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്യേണ്ടതാണ്.എന്നാൽ അപ്രകാരം പല രസീതുബുക്കുകളിലും രസീത്കൗണ്ട് സർട്ടിഫൈ ചെയ്തുകാണുന്നില്ല.

ഉദാ: 36803,36806,36809,36810,36811,36813,36814,36816,36817,36818,36819,36821,36822,36823,36827,63830,14784

B) രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ: 1)77/11928,തിയതി.27.03.2022, 2) 78/11928,തിയതി.27.03.2022

ഈ നടപടി ചട്ട വിരുദ്ധമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 11).

C) രസീതു നമ്പർ 22/4989,തിയതി 1.12.2021 പ്രകാരം കളക്ഷൻ തുക 327 രൂപയാണ്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ 156 രൂപയാണ് ടി രസീതു പ്രകാരം കളക്റ്റ് ചെയ്തതായി ചേർത്തിട്ടുള്ളത്. കുറവു വന്ന തുകയായ ₹171/- അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

D) രസീതു നമ്പർ 20/11927, തിയതി.24.02.2022 പ്രകാരം കളക്ഷൻ തുക 3835 രൂപയാണ്. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ ടി തുക ചേർത്ത് അടവാക്കിയിട്ടില്ല. തുക അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയരശീതി പുസ്തകങ്ങളുടെ അപാകതകൾ

കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം20 (2) സി പ്രകാരം രസീതുകളുടെ അസ്സൽ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കറ്റ് പണം നൽകിയ ആൾക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടെണ്ടർ ഫോമിന്റെ വില കളക്റ്റ് ചെയ്യുന്നതിന് 36799 നമ്പറിലുള്ള രസീത് ബുക്ക് നൽകിയതിൽ രസീതു നമ്പർ 6 മുതൽ 9 വരേയും, 17 മുതൽ 35 വരേയും, 37-ാം നമ്പർ രസീതിയുടേയും അസ്സൽ രസീതാണ് പണം നൽകിയ ആൾക്ക് നൽകിയിട്ടുള്ളത്. രസീതു എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചതായി കാണുന്നില്ല. ഉദാ: രസീതു ബുക്ക് നമ്പർ 11659 ലെ 1 മുതൽ 18 വരേയും,20 മുതൽ24 വരേയും 31 മുതൽ 39 വരേയുമുള്ള രസീതുകളിലും 43-ാം നമ്പർ രസീതിലും. അറിവില്ലായ്മ മൂലമാണ് അപാകത സംഭവിച്ചയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി നമ്പർ.11/27.04.2022) മറുപടി നൽകിയിട്ടുണ്ട്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് - അപാകതകൾ

I) സഞ്ചയ പ്രകാരമുള്ള വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു

A)100 ച.മീ ന താഴെ തറവിസ്തീർണമുള്ളവ -1953

B)100 ച.മീ ന മുകളിൽ തറവിസ്തീർണമുള്ളവ -131

C)200 ച.മീ ന താഴെ തറവിസ്തീർണമുള്ളവ -6

D)200 ച.മീ ന മുകളിൽ തറവിസ്തീർണമുള്ളവ -35

E)അസംബ്ലി/കൺവെൻഷൻ സെന്റർ/ഓഡിറ്റോറിയം -6

F)വ്യവസായിക ആവശ്യത്തിനുള്ള കൈത്തറി ഷെഡ് -6

G)ഇതര വ്യവസായം -6

ആകെ -2143

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 737 സ്ഥാപനങ്ങൾക്കു മാത്രമാണ് ലൈസൻസ് നൽകിയിട്ടുണ്ട്. ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 634സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. രേഖകളിലെ പൊരുത്തക്കേട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II)

A)പഞ്ചായത്തിലെ ആകെ പൊതുവിതരണ കേന്ദ്രങ്ങൾ-14

B) കള്ളുഷാപ്പുകൾ -4

C) ക്ഷീരസംഘങ്ങൾ -3

മേൽ പറഞ്ഞവയിൽ മരോട്ടിച്ചാലിലെ 8/374 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറും മാന്ദാമംഗലം ക്ഷീര സംഘവും മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതും തൊഴിൽ നികുതി അടവാക്കുന്നതും.

III) പഞ്ചായത്തിന്റെ കുരിശുമൂലയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിലെ 14/210A,14/210D എന്നീ മുറികളിലെ സ്ഥാപനങ്ങളും, വെട്ടുകാട് ഷോപ്പിങ്ങ് കോംപ്ലക്സിലെ 11/427, 11/435 എന്നീ മുറികളിലെ സ്ഥാപനങ്ങളും മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിച്ചിട്ടുള്ളത്.

മേൽ പറഞ്ഞിട്ടുള്ളതിൽ നിന്നും പഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ-12/27.04.2022, 30/28.04.2022, 43/30.04.2022)

## 1-13 പഞ്ചായത്ത് ഹാൾ-വാടക വരവില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 14ാം വാർഡിൽ കുരിശുമൂലയിൽ കല്ല്യാണമണ്ഡപം ഉണ്ട്. ടി കല്ല്യാണമണ്ഡപത്തിൽ നിന്നും വാടകയിനത്തിൽ വരവൊന്നുമില്ല.27.04.2017 ന ശേഷം വാടകയ്ക്കു നൽകിയിട്ടില്ല. തുടർന്ന് മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയതിനാലും ആയതിന ശേഷം കോവിഡ് മഹാമാരി മൂലം പരിപാടികൾക്കായി അപേക്ഷകൾ ലഭിച്ചില്ല എന്നും ഓഡിറ്റ്എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 32/28.04.2022) മറുപടി നൽകിയിട്ടുണ്ട്. ഇപ്പോൾ വാടകയ്ക്കു നൽകുന്നതിനുള്ള നടപടികളായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നടപടികൾ സ്വീകരിച്ച് ഈയിനത്തിലുള്ള തനതുവരുമാനനഷ്ടം നികത്തേണ്ടതുമാണ്.

## 1-14 ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷ ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് ചുവടെ ചേർത്തിരിക്കും പ്രകാരമാണ്.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 444700 | 444700 | 0 |

എന്നാൽ പരിശോധനയ്ക്ക് ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ ലഭ്യമാക്കാതിരുന്നതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.(ഓഡിറ്റ് എൻക്വയറി നമ്പർ37/30.04.2022)

## 1-15 ബൈലോ നിബന്ധനകൾ പാലിച്ചില്ല.പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് മുറി ലേലം കൊണ്ടയാൾ മറ്റൊരാൾക്ക് കൈമാറി

പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ വെട്ടുകാട് ഷോപ്പിങ്ങ് കോംപ്ലക്സിലെ 427ാം നമ്പർ മുറി ലേലം കൊണ്ടിട്ടുള്ളത് ശ്രീ വേലായുധൻകുട്ടി, കുറവത്ത് വീട്, വെട്ടുകാട് എന്നയാളാണ്. ടിയാൻ മുറിക്ക് വാടക അടവാക്കിയിട്ടുള്ളതുമാണ്. എന്നാൽ ലൈസൻസ് അപേക്ഷ, രജിസ്റ്റർ എന്നിവ പ്രകാരം ടി മുറിയിൽ ഇലക്ട്രിക്കൽ & പ്ലംബിങ്ങ് സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിന് ശ്രീ ലിജോ പി എ,പറോക്കാരൻ വീട്, വെട്ടുകാട് എന്നയാൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് ബൈലോ ഖണ്ഡിക 19 പ്രകാരം മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മുറി മറ്റൊരാൾക്ക് കൈമാറാൻ പാടില്ലാത്തതാണ്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 42/30.04.2022) മറുപടി ലഭ്യമാക്കിയില്ല. കരാർ ലംഘനത്തിന് വാടകകാരന്റെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പട്ടയഭൂമിയിൽ വ്യവസായ ആവശ്യത്തിനായി പെർമ്മിറ്റ് അനുവദിച്ചത്-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ശ്രീ.ഷൈജു തറയാംപുറത്ത് എന്നവർക്ക് സർവ്വേ നം 337/22ൽ 0.0324,0.2023 ഹെക്ടർ ഭൂമിയിൽ വ്യവസായ ആവശ്യത്തിനായി 220.60 M2 വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പെർമ്മിറ്റ് (A3/1153/2020തീ. 13.3.2020) അനുവദിച്ചിട്ടുണ്ട്. ഉടമസ്ഥൻ ഹാജരാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ (126/2020 തിയതി 30.1.20) ഭൂമിയുടെ തരം പട്ടയഭൂമി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പട്ടയഭൂമികളിൽ ബിൽഡിംഗ് പെർമ്മിറ്റ് നൽകുന്ന സംഗതികളിൽ പൊസഷൻ സർട്ടിഫിക്കറ്റിൽ എന്താവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളത് എന്ന് പരിശോധിച്ചതിനുശേഷം മാത്രമേ പെർമ്മിറ്റ് അനുവദിക്കാവൂ എന്ന് സർക്കാർ ഉത്തരവ് (എം എസ് ) നം .61/2021 തസ്വഭവ തിയതി 22.2.21 ൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പെർമ്മിറ്റ് പ്രകാരം പണിത കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് A3/4314/21 തി. 12.3.21 ന് അപേക്ഷിച്ച ഉടമസ്ഥനോട് അപേക്ഷയോടൊപ്പം സമർപ്പിച്ച പൊസഷൻ സർട്ടിഫിക്കറ്റിൽ എന്താവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള പൊസഷൻ സർട്ടിഫിക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ഹാജരാക്കുകയുണ്ടായില്ല.

1964ലെ കേരള ലാൻഡ് അസസ്സ്മെന്റ് ചട്ടങ്ങളിലെ ചട്ടം 4പ്രകാരം പട്ടയഭൂമിയിൽ കൃഷിക്കും വീട് നിർമ്മാണത്തിനു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പട്ടയഭൂമി എന്ന് രേഖപ്പെടുത്തിയ പൊസഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടും വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് അനുമതി നൽകിയത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയാണെന്ന് കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മേൽ വിഷയത്തിലുള്ള കത്തിൽ ( PAN/13931/2021-C1(DP) തി.13.1.22 ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശിച്ചിട്ടുണ്ട്.

പെർമ്മിറ്റ് പ്രകാരം പണിത കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കാത്തതിനാൽ കെട്ടിട ഉടമസ്ഥൻ പഞ്ചായത്തിനെതിരെ WP(C) No.10594 Of 2022 പ്രകാരം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് . ആയതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 എൽ പി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ- കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

പ്രോജ്കട് നമ്പർ S0186/19-20

ചെക്ക് നം. /തിയതി-190000 /28.2.20 തുക -357953

പ്രൊജക്ട് പ്രകാരം എസ്.എസ് ഇൻഡസ്ട്രീസിൽ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 27/24.1.20,28/25.1.20 പ്രകാരം ഫർണീച്ചർ (80 എണ്ണം ' Steel Frame Duel Desk & Bench Top Rubwood ' ) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സ്ഥാപനത്തിന് മേൽ പ്രകാരം തുക കൈമാറിയതിന്റെ യുടിആർ/ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -പട്ടികവർഗ്ഗ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

പ്രോജ്കട് -131/19-20

ബിൽ .നം /തിയതി-2357388/16.3.20 തുക-20000

പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ജെന്നി.എം.ജെ എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈ വിദ്യാർത്ഥിക്ക് പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്നതിനായുള്ള രേഖ ഹാജരാക്കേണ്ടതാണ്.

## 1-19 പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല-12960 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

പ്രൊജക്ട് - അംഗനവാടികൾക്കും വായനശാലകൾക്കും ആനുകാലികങ്ങൾ

പ്രോജ്കട്നം - 335/19-20

ചെക്ക് നം /തിയതി-363221 /23.3.20 തുക -87840

മേൽ പ്രൊജക്ട് പ്രകാരം 'കുരുന്നില ' എന്ന പുസ്തകം കേരള ശാസ്ത്ര സാഹിത്യ പരിഷത്തിൽ നിന്നും ഇൻവോയ്സ് നം 3500/19.2.2020 പ്രകാരം 61 പുസ്തകങ്ങൾ വാങ്ങിയതിൽ 52 എണ്ണം വിതരണം ചെയ്തതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത് . ബാക്കി 9പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല . പുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ 9പുസ്തകങ്ങളുടെ വിലയായ (9@1440) 12960 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പ്രൊജക്ട് | ഗുണഭോക്താവിന്റെ പേരും | നാളിതുവരെ അനുവദിച്ച തുക |
|---|---|---|
| S0150/19-20 | കാർത്തിക ,വെട്ടുകാട് | 3,00,000 |

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷം - കുടുംബശ്രീ നടപടികൾ സ്വീകരിക്കുന്നില്ല

5.5.2017-ലെ സ.ഉ.(സാധാ) നം.1450/17/തസ്വഭവ പ്രകാരം തെരുവ് നായ പ്രശ്നം പരിഹരിക്കുന്നതിനുള്ള എ.ബി.സി പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഒരു നായയെ പിടിച്ച് വന്ധ്യംകരിച്ച് ആവശ്യമായ പരിചരണങ്ങൾക്കു ശേഷം നായയെ പിടിച്ച സ്ഥലത്ത് തന്നെ തിരിച്ച് കൊണ്ടുവിടുന്നതിനുള്ള ചെലവിനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീക്ക് 2100 രൂപ വീതം നൽകി വരുന്നു.

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി യഥാക്രമം 120/20, 215/21 എന്നീ പ്രോജക്ടുകൾ പ്രകാരം ഈ ആവശ്യത്തിനായി 420000 (210000 X 2) രൂപ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ രണ്ടു വർഷങ്ങളിലും ഒരൊറ്റ നായയെ പോലും പിടിച്ച് വന്ധ്യംകരിച്ചിട്ടില്ല എന്ന് ഫയൽ പരിശോധനയിൽ മനസ്സിലാകുന്നു. 10.2.2020-ലെ എ2-1173/20 നമ്പർ കത്ത് പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ വിഷയത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കത്തയച്ചിട്ടുള്ളതായി കാണുന്നു. അതനുസരിച്ച് പഞ്ചായത്തിലെ 18-ാം വാർഡിലെ സെന്റ് ജോസ് എ എൽ പി സ്കൂൾ പരിസരത്തും പള്ളിയിലും തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമാണെന്നും കുട്ടികളെ ഉപദ്രവിക്കുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പരാതിയോട് കുടുംബശ്രീ പ്രതികരിച്ചതായി കാണുന്നില്ല.

വർഷം തോറും ഏകദേശം 100 നായ്ക്കളെ പിടിച്ച് വന്ധ്യംകരിക്കുന്നതിനുള്ള തുക കുടുംബശ്രീക്ക് കൈമാറി വരുന്നു. നാളിതുവരെ പുത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും കുടുംബശ്രീ പിടിച്ച് വന്ധ്യംകരിച്ച നായ്ക്കളുടെ എണ്ണം സംബന്ധിച്ച ആധികാരികമായ കണക്ക് പഞ്ചായത്തിൽ ലഭ്യമാണോ എന്നും മേൽപറഞ്ഞ പരാതിയിൽ കുടുംബശ്രീ നടപടിയെന്തെങ്കിലും എടുത്തിട്ടുണ്ടോ എന്നും ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി കുടുംബശ്രീ ജില്ലാ മിഷന് ഓരോ സാമ്പത്തിക വർഷവും നൽകി വരുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, രശീതി, വന്ധ്യംകരിച്ച നായ്ക്കളുടെ എണ്ണം എന്നിവ ലഭ്യമാക്കിയിട്ടില്ല എന്നും മേൽ സൂചിപ്പിച്ച പരാതിയിൽ മറുപടി ലഭ്യമാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

എ ബി സി പരിപാടിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ഫലപ്രദമായ രീതിയിൽ തെരുവ് നായ ശല്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ബാധ്യസ്ഥമാണ്. കുടുംബശ്രീക്ക് ഈ ആവശ്യത്തിനായി നൽകിയ തുക ഇതേ ആവശ്യത്തിന് വിനിയോഗിക്കുന്നില്ല എങ്കിൽ നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.48/03.05.2022)

## 1-22 ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് തുക നൽകി - 8321 രൂപ നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്തിലെ കുരിശുമൂല കല്യാണമണ്ഡപത്തിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 203/20 |
| പ്രോജക്ടിന്റെ പേര് | വിവിധ കെട്ടിടങ്ങൾ ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ - വികസന ഫണ്ട് (പൊതു) | 129522 |
| തനത് ഫണ്ട് | 26478 |
| റോഡിതരം | 45000 |
| ആകെ | 201000 |

| | |
|---|---|
| ചെലവ് - വികസനഫണ്ട് (പൊതു) | 108946 |
| ട്രഷറി ബിൽ നമ്പർ/തീയതി | 1/16.5.2019 |
| കരാറുകാരൻ | ഷാർജാസ് എ |
| എഗ്രിമെന്റ് നമ്പർ | 08/19 തീയതി 05.03.2019 |
| ടെണ്ടർ നിരക്ക് | 9.9 % കുറവ് |
| എം ബുക്ക് നമ്പർ | 761/19 |
| ആകെ പ്രവൃത്തിമൂല്യം | 106765 |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി രേഖ, എം ബുക്ക് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഫൈനൽ ബിൽ പരിശോധിച്ചതിൽ താഴെ പറയുംപ്രകാരം 8321 രൂപ കരാറുകാരന് അധികം നൽകിയിട്ടുള്ളതായി കാണുന്നു.

| | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 106765 | 106765 | |
| ടെണ്ടർ കുറവ് 9.9% | 2249 | 10570 | |
| ബാക്കി | 104516 | 96195 | |
| കരാർ എഞ്ചിനീയറുടെ പ്രതിഫലം | 4430 | 4430 | |
| | 108946 | 100625 | 8321 |

മുകളിൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 45/4.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ 8321 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി രേഖ, എം ബുക്ക് എന്നിവ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ നിരാകരിച്ച തുക കഴിച്ച് ബാക്കി 100625 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ-കം-സ്കാന്നർ വാങ്ങൽ - അധികം അടവാക്കിയ തുക കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പ്രോജക്ട് നമ്പർ 379/20 പ്രകാരം നടപ്പാക്കിയ "അസി.എഞ്ചിനീയർ എൽ എസ് ജി ഡി സെക്ഷനിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ കം സ്കാന്നർ" എന്നി പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 75000 രൂപ വകയിരുത്തുകയും വൌച്ചർ നമ്പർ 21901487 തീയതി 7.3.2020 പ്രകാരം 67359 രൂപ കെൽട്രോണിൽ അടവാക്കുകയും ചെയ്തു. അതനുസരിച്ച് 50647 രൂപയുടെ ഒരു കമ്പ്യൂട്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. പ്രിന്റർ ലഭിച്ചതിന്റെ വിവരം ഫയലിൽ കാണുന്നില്ല. പ്രിന്റർ ലഭ്യമായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ബാക്കി ലഭിക്കാനുള്ള 16712 രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 46/4.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക തിരികെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. കെൽട്രോണിൽ നിന്നും 16712 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - ചെലവ്/വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുംപ്രകാരം നടപ്പാക്കിയ പദ്ധതികളുടെ ചെലവിന്റെ വിശദാംശങ്ങൾ/വിനിയോഗ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ചെലവ് | ട്രഷറി ബിൽ/വൌച്ചർ നമ്പർ/തീയതി | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 202/20 – ഹരിതകർമ്മ | 10010 | 2/16.5.2019 | ഹരിതകർമ്മസേനയുടെ |

| | | | | | |
|---|---|---|---|---|---|
| | | സേന വയബിലിറ്റി ഗ്യാപ് ഫണ്ട് | | | പേരിലുള്ള TDCB A/C NO.10723047636 -ന പകരം കാനറാ ബാങ്കിന്റെ 3533101005114 എന്ന അക്കൌണ്ടിലേക്ക് നൽകി. ടി അക്കൌണ്ട് ആരുടെയാണെന്നും ടി അക്കൌണ്ടിലേക്ക് തുക നൽകിയത് എന്തിന് എന്നുമുള്ള വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി ഹരിതകർമ്മസേന സെക്രട്ടറി ശ്രീമതി പ്രീതി ഗോപിയുടെ വ്യക്തിഗത അക്കൌണ്ടിലേക്ക് ഹരിതകർമ്മസേനയുടെ യൂണിഫോം വാങ്ങുന്നതിന് നൽകിയ തുകയാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ബിൽ, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയില്ല. |
| | 2 | 120/20 – എ ബി സി മൈക്രോ പ്രോഗ്രാം(കുടുംബശ്രീക്ക് തുക കൈമാറൽ) | 210000 | 16/8.9.2019 | കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ വിവരം, കരാർ, നായ്ക്കളെ പിടിച്ച സ്ഥലം, തീയതി, നായ്ക്കളെ തിരികെ കൊണ്ടുവിട്ട തീയതി, സ്ഥലം, ഇതു സംബന്ധിച്ച വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം എന്നിവ |
| | 3 | 256/20 – കരിശ്ശുമൂല കല്യാണ മണ്ഡപം ഉപകരണങ്ങൾ വാങ്ങൽ | 179000<br>231000 | 10/8.8.2019<br>11/8.8.2019 | പവിത്ര ഏജൻസീസ് തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും പ്ലാസ്റ്റിക്ക് കസേര, മേശ എന്നിവ |

| | | | | |
|---|---|---|---|---|
| | | | | വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| | ആകെ | 630010 | | |

മുകളിൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹630010/- തടസ്സപ്പെടുത്തുന്നു.

## 1-25 പുത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സൌകര്യം വർധിപ്പിക്കൽ - നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയ തുക വിനിയോഗിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 220/20 പ്രകാരം നടപ്പാക്കിയ "പുത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് സൌകര്യം വർധിപ്പിക്കൽ " എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ട്രഷറി ബിൽ നമ്പർ 5/16.5.2019 പ്രകാരം 170000 രൂപ തൃശ്ശൂർ നിർമ്മിതി കേന്ദ്രക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നില്ല. 2020-21 വർഷത്തിലും ടി പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 47/4.5.2022 -ന് നൽകിയ മറുപടിയിൽ നിലവിലുള്ള പഞ്ചായത്ത് ഓഫീസ് ഇവിടെനിന്നും മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ പ്രവൃത്തി ഉപേക്ഷിച്ച എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ നിർമ്മിതി കേന്ദ്രക്ക് കൈമാറിയ തുക നിർമ്മിതി കേന്ദ്ര പൂത്തൂർ ഗ്രാമപഞ്ചായത്തിന് തിരികെ നൽകുകയോ, പഞ്ചായത്ത് ടി തുക തിരികെ നൽകുന്നതിന് നിർമ്മിതകേന്ദ്രയോട് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ടി തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - ബ്ലോക്കിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 135/20 പ്രകാരം എസ് സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി വികസനഫണ്ട് (എസ്.സി.പി)യിൽ നിന്നും 900000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നമ്പർ 10/30.12.2019 പ്രകാരം 300000 രൂപ താഴെ പറയുന്ന 4 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| പേര് | കൈപ്പറ്റിയ തുക |
|---|---|
| ശാരദ രാജൻ, ആറ്റിക്കര വീട്, ചെന്നായ് പാറ | 75000 |
| തങ്കമണി അപ്പുകുട്ടൻ, കുന്നങ്ങൽ വീട്, ചെന്നായ് പാറ | 75000 |
| രാജൻ കെ വി, കൊട്ടിപ്പറമ്പിൽ വീട്, പുത്തൂർ | 75000 |
| നളിനി കപ്ലേങ്ങാട്ടിൽ, പൊന്നൂക്കര | 75000 |
| ആകെ | 300000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 17/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 300000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 എസ്.സി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം എന്ന പ്രോജക്ട് താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 222/20 |
| അടങ്കൽ (എസ്.സി.പി) | 358400 |
| ചെലവ് തുക | 358400 |
| ട്രഷറി ബിൽ നമ്പർ/തീയതി | 2/08.05.2019 |
| വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം | കാരിസ് പൈപ്പ്സ് & ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ്, പെരുമ്പാവൂർ |

| | |
|---|---|
| ഇൻവോയ്സ് നമ്പർ/തീയതി | GST 12061/22.3.2019 – 166140<br>GST 12063/22.3.2019 – 137385<br>GST 12199/25.3.2019 – 95850<br>ആകെ 358400 |

ഒരു വാട്ടർ ടാങ്കിന് 3195 രൂപ പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള 125 ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 399375 രൂപയിൽ 358400 കഴിച്ച് ബാക്കി തുക ഗുണഭോക്തൃവിഹിതമാണ്.

1. വാട്ടർ ടാങ്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട ടെൻഡർ ഫയൽ പരിശോധിച്ചതിൽ ആകെ 3 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഉത്പന്നത്തിന്റെ വിവരണം | വില (നികുതികൾ ഉൾപ്പെടെ) |
|---|---|---|
| വിക്ടോറിയ പോളിഫോം, അരിമ്പൂർ | ISI, Food Grade, LLDPE Virgin, 18 Kg Weight | 2833 |
| അരുൺ പോളിമേഴ്സ്, തിരുമംഗലം, തമിഴ് നാട് | ISI, Food Grade, LLDPE Virgin, 18.2 Kg Weight, 15 Years Warranty | 2880 |
| കാരിസ് പൈപ്പ്സ് & ട്യൂബ്സ് (P) Ltd.,പെരുമ്പാവൂർ | ISI | 3195 |

പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രത്യേക ഗുണമേന്മയോ വാറണ്ടിയോ രേഖപ്പെടുത്താത്തതും ഏറ്റവും കൂടിയ വിലയുള്ളതുമായ വാട്ടർ ടാങ്കാണ് വാങ്ങിയിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 ക്രമനമ്പർ 5 പ്രകാരം ഈയിനത്തിന് സബ്സിഡി തുക പരമാവധി 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ കൂടുതൽ തുക പ്രോജക്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

3. വിക്ടോറിയ പോളിഫോം എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. ടി സ്ഥാപനം ക്വാട്ട് ചെയ്ത 2833 രൂപക്ക് വാട്ടർ ടാങ്കുകൾ വാങ്ങുകയാണെങ്കിൽ വിലയുടെ 75% എന്ന് കണക്കാക്കി 125 വാട്ടർ ടാങ്കുകൾക്ക് ആകെ 265594 രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ 358400 രൂപയാണ് ചെലവഴിച്ചത്. ഈയിനത്തിൽ 92806 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

4. പ്രോജക്ടിന്റെ വിശദവിവരം ഹാജരാക്കിയില്ല. സുലേഖ സോഫ്റ്റ് വെയറിലെ ചെലവിന്റെ വിശദാംശം മാത്രമാണ് ഹാജരാക്കിയത്.

5. മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും ടാങ്കുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

6. ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 4/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഉയർന്ന ഗുണമേന്മയും വിശ്വസ്തതയുമുള്ള സ്ഥാപനമാണെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ളതിനാലാണ് കാരിസ് പൈപ്പ്സ് & ട്യൂബ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാട്ടർ ടാങ്ക് വാങ്ങിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഗുണമേന്മയുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് എങ്ങനെയാണ് ബോധ്യപ്പെട്ടത് എന്നത് വിശദീകരിച്ചിട്ടില്ല. കൂടാതെ സബ്സിഡി തുക 75% മാത്രമാണ് നൽകിയത് എന്നും പദ്ധതി വിഹിതം വേഗത്തിൽ പൂർണ്ണമായും ചെലവഴിക്കുന്നതിന് വേണ്ടിയാണ് കൂടുതൽ തുക പദ്ധതിവിഹിതത്തിൽ നിന്നും നൽകിയത് എന്നും പിന്നീട് ഗുണഭോക്തൃവിഹിതം മാത്രം സ്ഥാപനത്തിൽ ഒടുക്കി 75% സബ്സിഡി മാനദണ്ഡം പാലിച്ചു എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം ആകെ 125 ടാങ്കുകൾ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. അത് മുഴുവനും മേൽപറഞ്ഞ പ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതിവിഹിതത്തിൽ നിന്നും കൂടുതൽ അടവാക്കിയ തുക ഗുണഭോക്തൃ വിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയതിന്റേയോ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ചതിന്റേയോ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടി മേൽ കാരണങ്ങളാൽ അംഗീകരിക്കാനാകാത്തതിനാൽ അധികം നൽകിയ തുക 92806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്. മുകളിൽ

സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ നിരാകരിച്ച തുക കഴിച്ച് ബാക്കി ചെലവ് തുക ₹265594/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം (സ്പിൽ ഓവർ) എന്ന പ്രോജക്ട് താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 241/20 |
| അടങ്കൽ (പൊതു-സാധാരണ) | 122425 |
| ചെലവ് തുക | 122425 |
| ട്രഷറി ബിൽ നമ്പർ/തീയതി | 11/20.1.2020 |
| വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം | കാരിസ് പൈപ്പ്സ് & ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ്, പെരുമ്പാവൂർ |
| ഇൻവോയ്സ് നമ്പർ/തീയതി | GST 12403/28.03.2019 (127800) |

ഒരു വാട്ടർ ടാങ്കിന് 3195 രൂപ പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള 40 ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 127800രൂപയിൽ 122425 കഴിച്ച് ബാക്കി തുക ഗുണഭോക്തൃ വിഹിതമാണ്.

1. വാട്ടർ ടാങ്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട ടെൻഡർ ഫയൽ പരിശോധിച്ചതിൽ ആകെ 3 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഉത്പന്നത്തിന്റെ വിവരണം | വില (നികുതികൾ ഉൾപ്പെടെ) |
|---|---|---|
| വിക്ടോറിയ പോളിഫോം, അരിമ്പൂർ | ISI, Food Grade, LLDPE Virgin, 18 Kg Weight | 2833 |
| അരുൺ പോളിമേഴ്സ്, തിരുമംഗലം, തമിഴ് നാട് | ISI, Food Grade, LLDPE Virgin, 18.2 Kg Weight, 15 Years Warranty | 2880 |
| കാരിസ് പൈപ്പ്സ് & ട്യൂബ്സ് (P) Ltd.,പെരുമ്പാവൂർ | ISI | 3195 |

പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രത്യേക ഗുണമേന്മയോ വാറണ്ടിയോ രേഖപ്പെടുത്താത്തതും ഏറ്റവും കൂടിയ വിലയുള്ളതുമായ വാട്ടർ ടാങ്കാണ് വാങ്ങിയിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 ക്രമനമ്പർ 5 പ്രകാരം ഈയിനത്തിന് സബ്സിഡി തുക പരമാവധി 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ കൂടുതൽ തുക പ്രോജക്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

3. വിക്ടോറിയ പോളിഫോം എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. ടി സ്ഥാപനം ക്വാട്ട് ചെയ്ത 2833 രൂപക്ക് വാട്ടർ ടാങ്കുകൾ വാങ്ങുകയാണെങ്കിൽ വിലയുടെ 75% എന്ന് കണക്കാക്കി 40 വാട്ടർ ടാങ്കുകൾക്ക് ആകെ 84990രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ 122425 രൂപയാണ് ചെലവഴിച്ചത്. ഈയിനത്തിൽ 37435രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

4. പ്രോജക്ടിന്റെ വിശദവിവരം ഹാജരാക്കിയില്ല. സുലേഖ സോഫ്റ്റ് വെയറിലെ ചെലവിന്റെ വിശദാംശം മാത്രമാണ് ഹാജരാക്കിയത്.

5. മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും ടാങ്കുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

6. ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയെങ്കിലും കൂടുതൽ വിലക്ക് വാട്ടർ ടാങ്ക് വാങ്ങിയതിനെ സാധൂകരിക്കുന്ന പർച്ചേസ് കമ്മിറ്റി തീരുമാനം, ഗുണമേന്മ തെളിയിക്കുന്ന രേഖകൾ, ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റേയും അടവാക്കിയതിന്റേയും വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ അധികം ചെലവഴിച്ച 37435 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ നിരാകരിച്ച തുക കഴിച്ച് ബാക്കി 84990രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പ്രോജക്റ്റ് നം. 153/20 പ്രകാരം നടപ്പാക്കിയ "എസ്.ടി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്" എന്ന പ്രോജക്റ്റിനായി വികസനഫണ്ട് (ടി എസ് പി)-ൽ നിന്നും 60000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 15/29.2.2020 പ്രകാരം 13967 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെൽസർ പോളിമേഴ്സ്, മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നും 500 ലിറ്റർ കപ്പാസിറ്റിയുള്ള 5 വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 ക്രമനമ്പർ 5 പ്രകാരം ഈയിനത്തിന് സബ്സിഡി തുക പരമാവധി 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ 100% തുകയും വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. അതായത് താഴെ പറയും പ്രകാരം 3492 രൂപ വികസനഫണ്ടിൽ നിന്നും കൂടുതൽ ചെലവഴിച്ചിട്ടുണ്ട്.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ/തുക | നൽകിയ തുക | നൽകാവുന്ന തുക (75%) | അധികം നൽകിയത് |
|---|---|---|---|---|
| സെൽസർ പോളിമേഴ്സ്, മുണ്ടൂർ | 8037/SP/19-20 /15.1.2020 2793.4 X 5 = 13967 | 13967 | 10475 | 3492 |

കൂടാതെ മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/27.4.2022-ന് മറുപടിയായി പിന്നീട് വാങ്ങിയ ടാങ്കുകൾക്ക് ഗുണഭോക്തൃ വിഹിതം കുറച്ച തുക മാത്രമാണ് ടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഈ പ്രോജക്റ്റ് പ്രകാരം ആകെ 5 ടാങ്കുകൾ മാത്രമാണ് വാങ്ങിയത്. അതിന്റെ തുക മുഴുവനായും പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുമുണ്ട്. പിന്നീട് ഗുണഭോക്തൃവിഹിതം കൊടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാനാകില്ല. അധികം നൽകിയ 3492 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. നിരാകരിച്ച തുക കഴിച്ച് ബാക്കി ചെലവ് തുക 10475 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ഭവനപുനരുദ്ധാരണം - ഫയൽ ലഭ്യമാക്കിയിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 239/20 പ്രകാരം "ഭവന പുനരുദ്ധാരണം - എസ് സി 2016-17-ലെ ഗുണഭോക്താക്കൾക്ക് തുക നൽകുന്നതിന്" എന്ന പ്രോജക്റ്റ് നടപ്പാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 12500 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവ് പരിശോധിക്കുന്നതിന് ആവശ്യമായ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ്, ഗുണഭോക്തൃലിസ്റ്റ്, വൌച്ചർ നമ്പർ, കൈപ്പറ്റ് രസീത്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-31 കന്നുകുട്ടി പരിപാലനം -അധിക സബ്സിഡി എസ് എൽ ബി പി യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

2019-20

പ്രോജക്റ്റ് നം., പേര് -28/20 - കന്നുകുട്ടി പരിപാലനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ -12,50,000/ - (വികസനഫണ്ട് ജനറൽ)

ഗുണഭോക്തൃവിഹിതം -12,50,000/

ചെലവ് -വൗച്ചർ നം. 21901331തി.16.10.2019 – 6,87,500/-

2020-21

പ്രോജക്റ്റ് നം., പേര് -285/21 - കന്നുകുട്ടി പരിപാലനം(സ്പിൽ ഓവർ)

അടങ്കൽ -5,62,500/-(വികസനഫണ്ട് ജനറൽ)

ചെലവ് -വൗച്ചർ നം. 22000783തി.12.04.2020– 3,12,500/-

വൗച്ചർ നം. 22000784തി.12.04.2020– 2,50,000/-

------------------------------

5,62,500/-

മേല്പ്പറഞ്ഞ രണ്ടു പ്രൊജക്ടുകളിലായി 100 ഗുണഭോക്താക്കളുടെ വിഹിതമായ 12,50,000/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. 1/2020 ൽ തുടങ്ങി 6/2021 ൽ കാലിത്തീറ്റ വിതരണം അവസാനിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/25.04.2022) മറുപടിയായി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ 28165.5/- രൂപ ബാലൻസ് ഉള്ളതായി കാണിച്ചിട്ടുണ്ട്. അധികതുക എസ് എൽ ബി പി യിൽ നിന്നും തിരികെ ലഭ്യമാക്കാൻ കത്ത് നൽകിയതായും അറിയിച്ചു. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-32 തെങ്ങിൻതൈ വിതരണം-അധികസബ്സിഡി നൽകി

പ്രോജക്റ്റ് നം., പേര് -10/20, തെങ്ങിൻതൈ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥ- കൃഷി ഓഫീസർ

അടങ്കൽ -50,000/ -(വികസനഫണ്ട് ജനറൽ)

ഗുണഭോക്തൃവിഹിതം-10,000/ -(നേരിട്ട് അടവാക്കുന്നത്)

ചെലവ് -വൗച്ചർ നം.21901521 തി.20.02.2020 – 15,000/-

വൗച്ചർ നം.21901654തി.23.03.2020 -35,000/-

------------------

50,000/-

മേല്പറഞ്ഞ പ്രൊജക്ടിൽ 400 തെങ്ങിൻതൈകളുടെ വിലയായ 60,000/- രൂപയിൽ(@150) 50,000/- രൂപ സബ്സിഡി ഇനത്തിൽ വി എഫ് പി സി കെ കൃഷി ബിസിനസ് കേന്ദ്ര, എറണാകുളം എന്ന ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. 10,000/- രൂപ ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ടും വി എഫ് പി സി കെ യിൽ അടവാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.22/2018 ത .സ്വ .ഭ.വ തി. 14.02.2018 ഖണ്ഡിക6.1.5 പ്രകാരം തെങ്ങിൻതൈ ജനറൽ വിഭാഗത്തിന് 75% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത്. ആയതുപ്രകാരം 45,000/-രൂപയേ സബ്സിഡിയിനത്തിൽ അനുവദിക്കാനാകൂ. എന്നാൽ 50,000/-രൂപ നൽകിയിരിക്കുന്നു. അധികസബ്സിഡി നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.36/29.04.2022) മറുപടിയിൽ സ. ഉ. (സാധാ) നം.1009/2020 ത .സ്വ .ഭ .വ .തി. 29.05.2020 പ്രകാരം തെങ്ങിൻതൈകൾ എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും സൗജന്യമായി നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് 2020-21 വർഷത്തെ സുഭിക്ഷകേരളം പദ്ധതികൾക്കാണ് ബാധകമായിട്ടുള്ളത്. ആയതിനാൽ അധികമായി നൽകിയ 5000/-രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 1-33 ഡയറി ഫാം ഇൻസ്ട്രക്ടർ ക്യാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 21-4-22 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ ക്യാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഡയറി ഫാം ഇൻസ്ട്രക്ടർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-34 തൊഴിലുറപ്പ് പദ്ധതി --ആദായ നികുതിയിനത്തിൽ ₹ 2347/- ഈടാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തമാക്കുന്ന ബോർഡ് തയ്യാറാക്കി നൽകിയ ശ്രീ. മജീദ് വി.എം കരാറുകാരനിൽ നിന്ന് 1961ലെ ആദായനികുതി നിയമം 194 സി വകുപ്പ് പ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. ഓഡിറ്റ് എൻക്വയറി നമ്പർ 40 തി. 30-4-2022 നല്കിയ മറുപടി പ്രകാരം തുക നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽതാഴെ ചേർക്കുന്നതു പ്രകാരം ആദായനികുതി ഈടാക്കേണ്ടതാണ്.

| ബോർഡ് നിരക്ക് | എണ്ണം | തുക/ നൽകിയ തിയ്യതി | ആദായനികുതി ( 1% ) |
|---|---|---|---|
| 495 | 62 | 30690/-തി.30-11-2019 | 307/- |
| 2650 | 77 | 204050/-തി.30-11-2019 | 2040/- |
| ആകെ | | | 2347/- |

## 1-35 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 4 തിയ്യതി 22-4-2022)

സ.ഉ. (എം.എസ്) 74/14 എൽ.എസ്.ജി.ഡി തി.7-5-2014 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ച വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്നത് 27-4-'22 ലെ 263/AE/LSGD/PTR/22 പ്രകാരം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മരാമത്തു പ്രവൃത്തി ലേലം കൊണ്ടയാൾ പ്രവൃത്തി നിർവഹണത്തിൽ നിന്ന് വിട്ടു നിന്നു. ഇ.എം.ഡി ₹ 30250- മുതൽക്കൂട്ടിയില്ല.

ഓഡിറ്റ് എൻക്വയറി നം. 6 തിയ്യതി:23.04.2022

താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ലേലം കൊണ്ട ശ്രീ. പി.വി ചന്ദ്രൻ എന്നയാൾ പ്രവൃത്തി നിർവഹണത്തിൽ നിന്ന് വിട്ടു നിൽക്കുകയുണ്ടായി.

| പ്രൊജ.നം./പ്രൊജക്ടിന്റെ പേര് | അടങ്കൽ | നിരതദ്രവ്യം |
|---|---|---|
| 72/19-20 ചന്ദനക്കുന്ന് ഗാന്ധിനഗർ,അമ്പലം റോഡ് റീടാറിങ്ങ് | 6,50,000- | 16250- |
| 73/19-20 ഐക്യനഗർ റോഡ് റീടാറിങ്ങ്, ഡ്രയിൻ നിർമാണം | 5,60,000- | 14000- |

പ്രവൃത്തി നിർവഹണത്തിൽ നിന്ന് വിട്ടു നിന്ന സംഗതിയിൽ കേരള പൊതുമരാമത്തു വകുപ്പ് മാനുവൽ വകുപ്പ് 2009.6 ,സ്റ്റാൻഡിങ് ബിഡിങ് ഡോക്യുമെന്റ് ഖണ്ഡിക 6.2 എന്നിവക്കു വിധേയമായി ലേലക്കാരനിൽ നിന്ന് ഇ.എം.ഡി ₹ 30250- മുതൽക്കൂട്ടിയിട്ടില്ല. ഇ.എം.ഡി മുതൽക്കൂട്ടുന്നതിനു 24-1-'20 ലെ പഞ്ചായത്ത് കമ്മിറ്റി നം. 4 ആയി തീരുമാനം എടുത്തിരുന്നു. ലേലം കൊണ്ട പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിനു വീഴ്ച വരുത്തുന്ന കരാറുകാരെ സർക്കാർ പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിൽ നിന്നും വിലക്കുന്നതിനും ഇവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു ശുപാർശ ചെയ്യുന്നതിനും സ്റ്റാൻഡിങ് ബിഡിങ് ഡോക്യുമെന്റ് ഖണ്ഡിക 6.2 ൽ നിർദേശിക്കുന്നുണ്ട്.

മേൽകാര്യങ്ങൾക്കു ശേഷവും ശ്രീ.പി.വി.ചന്ദ്രൻ വിവിധ പ്രവൃത്തികൾക്കുവേണ്ടി ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളതും കരാറുകളിലേർപ്പെട്ട് പ്രവൃത്തി നിർവഹണം ചെയ്തിട്ടുള്ളതും പരിശോധനയിൽ കണ്ടു.

ഇ.എം.ഡി ₹ 30250- മുതൽക്കൂട്ടേണ്ടതും ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-37 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 5 തിയ്യതി 22-4-2022 )

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ പാക്ക്ഡ് ബിറ്റുമിൻ വില ഉൾപ്പെടുത്തിയാണ്

തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ കരാറുകാർ ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം അസി.എഞ്ചിനിയർ മേൽപ്രകാരം ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കുകയുണ്ടായി. ഇതനുസരിച്ച് 238+18% (GST) നിരക്കിൽ ആകെ ₹ 1,92,656/- ( 163268 + 29388- )

കാലി ബാരലിന്റെ വില ഈടാക്കി ഓരോ പ്രവൃത്തിക്കും ചെലവു വന്ന ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

| കരാറുകാരന്റെ പേര് | ആകെ ബാരലുകൾ | ₹ 238/- നിരക്കിൽ കാലി ബാരലിന്റെവില | GST ( 18 % ) |
|---|---|---|---|
| ശ്രീ. പി.ജി. കണ്ണൻ | 190 | 45220/- | 8139/- |
| ശ്രീ. ഒ.യു. ഏല്യാസ് | 151 | 35938/- | 6469/- |
| ശ്രീ. പി.ആർ വിജയകുമാർ | 68 | 16184/- | 2913/- |
| ശ്രീ. എ.എൽ ജോൺ | 95 | 22610/- | 4070/- |
| ശ്രീ. എ.ജി രാമകൃഷ്ണൻ | 20 | 4760/- | 857/- |
| ശ്രീ. പി.വി. ചന്ദ്രൻ | 22 | 5236/- | 942/- |
| ശ്രീ. സേവ്യർ ആന്റു | 107 | 25466/- | 4584/- |
| ശ്രീ. എം. ഗോഗിൻ | 33 | 7854/- | 1414/- |
| | 686 | 163268/- | 29388/- |

### 1-38 പ്രൊജ.നം. 292/19-20 കുടുംബശ്രീ ഓഫീസ് നവീകരണം പൂർത്തിയായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : ₹ 10,00,000- ( വികസന ഫണ്ട് – (പൊതുവിഭാഗം )

ഭരണാനുമതി 1 ( 1 ) തി. 21-12-2018

സാങ്കേതികാനുമതി - LSGD TS 18-19 തി. 23-10-2018 ₹ 10,00,000/-

കരാർ നം.- 116/AE LSGD PTR 1 തി. 28-2-2019

കരാറുകാരൻ എ.എൽ ജോൺ

പി.എ.സി. തുക ₹ 8,51,840/-

ട്രഷറി ബിൽ നം. 54/19-20തി.13-03-20 ₹ 4,51,043/-

അളവുപുസ്തകം 102/18-19 , 929/18-19

ഓഡിറ്റ് എൻക്വയറി നം. 27തി. 27-4-2022

കുടുംബശ്രീ ഓഫീസ് നവീകരണത്തിന് ഫസ്റ്റ് & പാർട്ട് ബിൽ തുക നൽകിയതിനു ശേഷം യാതൊരു തുടർ പ്രവൃത്തികളും ചെയ്തിട്ടില്ലാത്തതും പ്രവൃത്തി സ്പിൽ ഓവർ ആക്കിയിട്ടില്ലാത്തതും പരിശോധനയിൽ കണ്ടു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ നാളിതുവരെ ₹ 4,51,043/- ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു. കുടുംബശ്രീ ഓഫീസ് നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തെങ്ങിൻതൈ വിതരണം-അധികസബ്സിഡി നൽകി

പ്രോജക്ട് നം., പേര് -10/20, തെങ്ങിൻതൈ വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥ- കൃഷി ഓഫീസർ

അടങ്കൽ -50,000/ -(വികസനഫണ്ട് ജനറൽ)

ഗുണഭോക്തൃവിഹിതം-10,000/ -(നേരിട്ട് അടവാക്കുന്നത്)

ചെലവ് -വൗച്ചർ നം.21901521 തി.20.02.2020 – 15,000/-

വൗച്ചർ നം.21901654തി.23.03.2020 -35,000/-

------------------

50,000/-

മേല്പറഞ്ഞ പ്രൊജക്ടിൽ 400 തെങ്ങിൻതൈകളുടെ വിലയായ 60,000/- രൂപയിൽ(@150) 50,000/- രൂപ സബ്സിഡി ഇനത്തിൽ വി എഫ് പി സി കെ കൃഷി ബിസിനസ് കേന്ദ്ര, എറണാകുളം എന്ന ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. 10,000/- രൂപ ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കൾ നേരിട്ടും വി എഫ് പി സി കെ യിൽ അടവാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.22/2018 ത .സ്വ .ഭ.വ തി. 14.02.2018 ഖണ്ഡിക6.1.5 പ്രകാരം തെങ്ങിൻതൈ ജനറൽ വിഭാഗത്തിന് 75% സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത്. ആയതുപ്രകാരം 45,000/-രൂപയേ സബ്സിഡിയിനത്തിൽ അനുവദിക്കാനാകു. എന്നാൽ 50,000/-രൂപ നൽകിയിരിക്കുന്നു. അധികസബ്സിഡി നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.36/29.04.2022) മറുപടിയിൽ സ. ഉ. (സാധാ) നം.1009/2020 ത .സ്വ .ഭ .വ .തി. 29.05.2020 പ്രകാരം തെങ്ങിൻതൈകൾ എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും സൗജന്യമായി നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് 2020-21 വർഷത്തെ സുഭിക്ഷകേരളം പദ്ധതികൾക്കാണ് ബാധകമായിട്ടുള്ളത്. ആയതിനാൽ അധികമായി നൽകിയ 5000/-രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 3-2 ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് തുക നൽകി - 8321 രൂപ നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്തിലെ കുരിശുമൂല കല്യാണമണ്ഡപത്തിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 203/20 |
| പ്രോജക്ടിന്റെ പേര് | വിവിധ കെട്ടിടങ്ങൾ ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ - വികസന ഫണ്ട് (പൊതു) | 129522 |
| തനത് ഫണ്ട് | 26478 |
| റോഡിതരം | 45000 |
| ആകെ | 201000 |
| ചെലവ് - വികസനഫണ്ട് (പൊതു) | 108946 |
| ട്രഷറി ബിൽ നമ്പർ/തീയതി | 1/16.5.2019 |
| കരാറുകാരൻ | ഷാർജാസ് എ |
| എഗ്രിമെന്റ് നമ്പർ | 08/19 തീയതി 05.03.2019 |
| ടെണ്ടർ നിരക്ക് | 9.9 % കുറവ് |
| എം ബുക്ക് നമ്പർ | 761/19 |
| ആകെ പ്രവൃത്തിമൂല്യം | 106765 |

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി രേഖ, എം ബുക്ക് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഫൈനൽ ബിൽ പരിശോധിച്ചതിൽ താഴെ പറയുംപ്രകാരം 8321 രൂപ കരാറുകാരന് അധികം നൽകിയിട്ടുള്ളതായി കാണുന്നു.

| | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|

| | തുക | തുക | നൽകിയത് |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 106765 | 106765 | |
| ടെണ്ടർ കുറവ് 9.9% | 2249 | 10570 | |
| ബാക്കി | 104516 | 96195 | |
| കരാർ എഞ്ചിനീയറുടെ പ്രതിഫലം | 4430 | 4430 | |
| | 108946 | 100625 | 8321 |

മുകളിൽ പറഞ്ഞ അപാകതക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 45/4.5.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ 8321 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി രേഖ, എം ബുക്ക് എന്നിവ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ നിരാകരിച്ച തുക കഴിച്ച് ബാക്കി 100625 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 എസ്.സി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം എന്ന പ്രോജക്ട് താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 222/20 |
| അടങ്കൽ (എസ്.സി.പി) | 358400 |
| ചെലവ് തുക | 358400 |
| ട്രഷറി ബിൽ നമ്പർ/തീയതി | 2/08.05.2019 |
| വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം | കാരിസ് പൈപ്പ്സ് & ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ്, പെരുമ്പാവൂർ |
| ഇൻവോയ്സ് നമ്പർ/തീയതി | GST 12061/22.3.2019 – 166140<br>GST 12063/22.3.2019 – 137385<br>GST 12199/25.3.2019 – 95850<br>ആകെ 358400 |

ഒരു വാട്ടർ ടാങ്കിന് 3195 രൂപ പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള 125 ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 399375 രൂപയിൽ 358400 കഴിച്ച് ബാക്കി തുക ഗുണഭോക്തൃവിഹിതമാണ്.

1. വാട്ടർ ടാങ്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട ടെൻഡർ ഫയൽ പരിശോധിച്ചതിൽ ആകെ 3 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഉത്പന്നത്തിന്റെ വിവരണം | വില (നികുതികൾ ഉൾപ്പെടെ) |
|---|---|---|
| വിക്ടോറിയ പോളിഫോം, അരിമ്പൂർ | ISI, Food Grade, LLDPE Virgin, 18 Kg Weight | 2833 |
| അരുൺ പോളിമേഴ്സ്, തിരുമംഗലം, തമിഴ് നാട് | ISI, Food Grade, LLDPE Virgin, 18.2 Kg Weight, 15 Years Warranty | 2880 |
| കാരിസ് പൈപ്പ്സ് & ട്യൂബ്സ് (P) Ltd.,പെരുമ്പാവൂർ | ISI | 3195 |

പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രത്യേക ഗുണമേന്മയോ വാറണ്ടിയോ രേഖപ്പെടുത്താത്തതും ഏറ്റവും കൂടിയ വിലയുള്ളതുമായ വാട്ടർ ടാങ്കാണ് വാങ്ങിയിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 ക്രമനമ്പർ 5 പ്രകാരം ഈയിനത്തിന് സബ്സിഡി തുക പരമാവധി 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ കൂടുതൽ തുക പ്രോജക്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

3. വിക്ടോറിയ പോളിഫോം എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. ടി സ്ഥാപനം ക്വാട്ട് ചെയ്ത 2833 രൂപക്ക് വാട്ടർ ടാങ്കുകൾ വാങ്ങുകയാണെങ്കിൽ വിലയുടെ 75% എന്ന് കണക്കാക്കി 125 വാട്ടർ ടാങ്കുകൾക്ക് ആകെ 265594 രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ 358400 രൂപയാണ് ചെലവഴിച്ചത്. ഈയിനത്തിൽ 92806 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

4. പ്രോജക്ടിന്റെ വിശദവിവരം ഹാജരാക്കിയില്ല. സുലേഖ സോഫ്റ്റ് വെയറിലെ ചെലവിന്റെ വിശദാംശം മാത്രമാണ് ഹാജരാക്കിയത്.

5. മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും ടാങ്കുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

6. ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 4/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഉയർന്ന

ഗുണമേന്മയും വിശ്വസ്തതയുമുള്ള സ്ഥാപനമാണെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ളതിനാലാണ് കാരിസ് പൈപ്പ്സ് & ട്യൂബ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാട്ടർ ടാങ്ക് വാങ്ങിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഗുണമേന്മയുണ്ടെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് എങ്ങനെയാണ് ബോധ്യപ്പെട്ടത് എന്നത് വിശദീകരിച്ചിട്ടില്ല. കൂടാതെ സബ്സിഡി തുക 75% മാത്രമാണ് നൽകിയത് എന്നും പദ്ധതി വിഹിതം വേഗത്തിൽ പൂർണ്ണമായും ചെലവഴിക്കുന്നതിന് വേണ്ടിയാണ് കൂടുതൽ തുക പദ്ധതിവിഹിതത്തിൽ നിന്നും നൽകിയത് എന്നും പിന്നീട് ഗുണഭോക്തൃവിഹിതം മാത്രം സ്ഥാപനത്തിൽ ഒടുക്കി 75% സബ്സിഡി മാനദണ്ഡം പാലിച്ചു എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം ആകെ 125 ടാങ്കുകൾ വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. അത് മുഴുവനും മേൽപറഞ്ഞ പ്രകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതിവിഹിതത്തിൽ നിന്നും കൂടുതൽ അടവാക്കിയ തുക ഗുണഭോക്തൃ വിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയതിന്റേയോ സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ചതിന്റെയോ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. മറുപടി മേൽ കാരണങ്ങളാൽ അംഗീകരിക്കാനാകാത്തതിനാൽ അധികം നൽകിയ തുക 92806 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്.

## 3-4 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം (സ്പിൽ ഓവർ) എന്ന പ്രോജക്ട് താഴെ പറയും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 241/20 |
| അടങ്കൽ (പൊതു-സാധാരണ) | 122425 |
| ചെലവ് തുക | 122425 |
| ട്രഷറി ബിൽ നമ്പർ/തീയതി | 11/20.1.2020 |
| വാട്ടർ ടാങ്ക് സപ്ലൈ ചെയ്ത സ്ഥാപനം | കാരിസ് പൈപ്പ്സ് & ട്യൂബ്സ് പ്രൈവറ്റ് ലിമിറ്റഡ്, പെരുമ്പാവൂർ |
| ഇൻവോയ്സ് നമ്പർ/തീയതി | GST 12403/28.03.2019 (127800) |

ഒരു വാട്ടർ ടാങ്കിന് 3195 രൂപ പ്രകാരം 500 ലിറ്റർ കപ്പാസിറ്റിയുള്ള 40 ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. ആകെ 127800രൂപയിൽ 122425 കഴിച്ച് ബാക്കി തുക ഗുണഭോക്തൃ വിഹിതമാണ്.

1. വാട്ടർ ടാങ്ക് വാങ്ങുന്നതുമായി ബന്ധപ്പെട്ട ടെൻഡർ ഫയൽ പരിശോധിച്ചതിൽ ആകെ 3 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഉത്പന്നത്തിന്റെ വിവരണം | വില (നികുതികൾ ഉൾപ്പെടെ) |
|---|---|---|
| വിക്ടോറിയ പോളിഫോം, അരിമ്പൂർ | ISI, Food Grade, LLDPE Virgin, 18 Kg Weight | 2833 |
| അരുൺ പോളിമേഴ്സ്, തിരുമംഗലം, തമിഴ് നാട് | ISI, Food Grade, LLDPE Virgin, 18.2 Kg Weight, 15 Years Warranty | 2880 |
| കാരിസ് പൈപ്പ്സ് & ട്യൂബ്സ് (P) Ltd.,പെരുമ്പാവൂർ | ISI | 3195 |

പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രത്യേക ഗുണമേന്മയോ വാറണ്ടിയോ രേഖപ്പെടുത്താത്തതും ഏറ്റവും കൂടിയ വിലയുള്ളതുമായ വാട്ടർ ടാങ്കാണ് വാങ്ങിയിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 ക്രമനമ്പർ 5 പ്രകാരം ഈയിനത്തിന് സബ്സിഡി തുക പരമാവധി 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ കൂടുതൽ തുക പ്രോജക്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

3. വിക്ടോറിയ പോളിഫോം എന്ന സ്ഥാപനമാണ് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത്. ടി സ്ഥാപനം ക്വാട്ട് ചെയ്ത 2833 രൂപക്ക് വാട്ടർ ടാങ്കുകൾ വാങ്ങുകയായിരുന്നെങ്കിൽ വിലയുടെ 75% എന്ന് കണക്കാക്കി 40 വാട്ടർ ടാങ്കുകൾക്ക് ആകെ 84990രൂപ മാത്രമേ വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ 122425 രൂപയാണ് ചെലവഴിച്ചത്. ഈയിനത്തിൽ 37435രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

4. പ്രോജക്ടിന്റെ വിശദവിവരം ഹാജരാക്കിയില്ല. സുലേഖ സോഫ്റ്റ് വെയറിലെ ചെലവിന്റെ വിശദാംശം മാത്രമാണ് ഹാജരാക്കിയത്.

5. മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും ടാങ്കുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

6. ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/27.4.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയെങ്കിലും കൂടുതൽ വിലക്ക് വാട്ടർ ടാങ്ക് വാങ്ങിയതിനെ സാധൂകരിക്കുന്ന പർച്ചേസ് കമ്മിറ്റി തീരുമാനം, ഗുണമേന്മ തെളിയിക്കുന്ന രേഖകൾ, ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റേയും അടവാക്കിയതിന്റേയും വിവരങ്ങൾ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ അധികം ചെലവഴിച്ച 37435 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-5 എസ് ടി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ നടപ്പാക്കിയ "എസ്.ടി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്" എന്ന പ്രോജക്ടിനായി വികസനഫണ്ട് (ടി എസ് പി)-ൽ നിന്നും 60000 രൂപ വകയിരുത്തുകയും ട്രഷറി ബിൽ നമ്പർ 15/29.2.2020 പ്രകാരം 13967 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെൽസർ പോളിമേഴ്സ്, മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നും 500 ലിറ്റർ കപ്പാസിറ്റിയുള്ള 5 വാട്ടർ ടാങ്കുകൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 ക്രമനമ്പർ 5 പ്രകാരം ഈയിനത്തിന് സബ്സിഡി തുക പരമാവധി 75% ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ 100% തുകയും വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. അതായത് താഴെ പറയും പ്രകാരം 3492 രൂപ വികസനഫണ്ടിൽ നിന്നും കൂടുതൽ ചെലവഴിച്ചിട്ടുണ്ട്.

| സ്ഥാപനം | ഇൻവോയ്സ് നമ്പർ | നൽകിയ തുക | നൽകാവുന്ന തുക (75%) | അധികം നൽകിയത് |
|---|---|---|---|---|
| സെൽസർ പോളിമേഴ്സ്, മുണ്ടൂർ | 8037/SP /19-20 /15.1.2020 2793.4 X 5 = 13967 | 13967 | 10475 | 3492 |

കൂടാതെ മേൽ പറഞ്ഞ പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/27.4.2022-ന് മറുപടിയായി പിന്നീട് വാങ്ങിയ ടാങ്കുകൾക്ക് ഗുണഭോക്തൃ വിഹിതം കുറച്ച തുക മാത്രമാണ് ടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഈ പ്രോജക്ട് പ്രകാരം ആകെ 5 ടാങ്കുകൾ മാത്രമാണ് വാങ്ങിയത്. അതിന്റെ തുക മുഴുവനായും പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുമുണ്ട്. പിന്നീട് ഗുണഭോക്തൃവിഹിതം കൊടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാനാകില്ല. അധികം നൽകിയ 3492 രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം (തൻ വർഷ ചെലവുകൾ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | 35/20-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | 2019-20 | 300000 | 39/20-അംഗണവാടി അനുപൂരക പോഷകാഹാരം | 300000 | 0 |
| | 2019-20 | 1300000 | 142/20-ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം | 1300000 | 0 |
| | 2019-20 | 587000 | 150/20-ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം | 587000 | 0 |
| | 2019-20 | 425000 | 181/20-ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 425000 | 0 |
| | 2019-20 | 523000. | 331/20(SO)-ലൈഫ് ഭവനനിർമ്മാണത്തിന് ധനസഹായം | 523000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 224293 | 2/20-സമഗ്ര നെൽക്യഷി വികസനം | 224293 | 0 |
| | 2019-20 | 200000 | 22/20-പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | 2019-20 | 400000 | 37/20-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| | 2019-20 | 455753 | 39/20-അംഗണവാടി അനുപൂരക പോഷകാഹാര പദ്ധതി | 455753 | 0 |
| | 2019-20 | 400000 | 181/20-ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 1000000 | 307/20-വാർഡ് II- താഴ്വാരം റോഡ് റീ ടാറിങ്ങ് & ഓവ്ചാൽ നിർമ്മാണം | 1000000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻ വർഷ ചെലവുകൾ)

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 103/20-പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 21901430/30.12.2019, 21901431/30.12.2019, 21901522/26.02.2019, 21901653/25.03.2020, | 53434 | 53434 | 0 |
| ഭൂജലവകുപ്പ് | 389/20-മരുതുകുഴി കുടിവെള്ള പദ്ധതി(ബാക്കി തുക നൽകൽ) | ലഭ്യമല്ല | 100000 | 0 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | | 72,63,229 | 39,63,229 | 33,00,000 | 11,47,059 | 0 | 61,16,170 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 39 | 2009-10 | 3.4.1 | ഗുണഭോക്തൃ പദ്ധതികൾ കുടുംബശ്രീയെ ഏൽപ്പിച്ച് പണം നൽകി | പണം സർക്കാർ ഫണ്ടിലേക്ക അടവാക്കി പരിഹരിച്ചു. |
| 2014-15 | 2.1 | 2016-17 | 2.1 | വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ട് |
| 2014-15 | 3-3 | 2016-17 | 2.5 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | തുകകൾ അടവാക്കി പരിഹരിച്ചു |

| | | | | | |
|---|---|---|---|---|---|
| 2002-03 | | 2004-05 | 3.8.1.4.2 | അഡ്വാൻസ് നൽകി,പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | ആർ ആർ നടപടികളിലൂടെ തുക തിരിച്ചടവാക്കി. |
| 2002-03 | 3.2 | 2008-09 | 3.5.8 | ഭവന നിർമ്മാണ ധനസഹായം നൽകിയതിലെ അപാകത | ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 110418345/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116615196/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 147054 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,63,393/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5000 | ശ്രീമതി ലാലിമ്മ ജോർജ്ജ്,കൃഷി ഓഫീസർ |
| 3-2 | 8321 | ശ്രീമതി. സുഷമ പി, സെക്രട്ടറി |
| 3-3 | 92806 | ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 37435 | " |
| 3-5 | 3492 | " |
| ആകെ | 147054 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 12960 | ശ്രീമതി രമണി കെ വി, ഹെഡ്മിസ്ട്രസ്സ് |
| 1-22 | 8321 | ശ്രീമതി. സുഷമ പി, സെക്രട്ടറി |
| 1-24 | 10010 | ശ്രീമതി. സുഷമ പി, സെക്രട്ടറി |
| | 620000 | ശ്രീമതി ജമുന പി കെ, സെക്രട്ടറി |
| 1-26 | 300000 | ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 265594 | " |
| 1-28 | 84990 | " |
| 1-29 | 10475 | " |
| 1-38 | 451043 | ശ്രീമതി. സുജ ജോർജ്ജ് സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1763393 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സുഷമ പി സെക്രട്ടറി | സെക്രട്ടറി,തോളൂർ ഗ്രാമപഞ്ചായത്ത് | ശുഭകം,അയ്യന്തോൾ പി ഒ |
| ശ്രീമതി ലാലിമ്മ ജോർജ്ജ്,കൃഷി ഓഫീസർ | ADA,കുഴൽമന്ദം | ഐക്കരക്കുടി വീട്,ചുവന്നമണ്ണ് ,തൃശ്ശൂർ |
| ശ്രീമതി സുജ ജോർജ്ജ് സി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,പുത്തൂർ ഗ്രാമ പഞ്ചായത്ത് | പുതുശ്ശേരിപ്പടി വീട്,കല്ലൂർ പി ഒ, തൃശ്ശൂർ |
| ശ്രീ സുബ്രമണ്യൻ ആർ, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | കുന്നത്ത് പുത്തൻവീട്ടിൽ,ആളൂർ,മറ്റം പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83, 84-85 മുതൽ 93-94 വരെ | എൽ.എഫ്.ടി(എസ്.2)- 1640/11/ തീയതി 28.10.11/ 06.12.11 | |
| 1994-95, 95-96 | എൽ.എഫ്.ടി.(എസ്.2) - 1640/11/ തീയതി 28.10.11/ 06.12.11 | |
| 1996-97 | എൽ.എഫ്.ടി.(എസ് 11) 241/04 തീയതി 10.08.04 | |
| 1997-98 | എൽ.എഫ്.ടി.(എസ് 11) 1316/98 തീയതി 05.02.99 | |
| 1998-99 | എൽ.എഫ്.ടി.(എസ് 11) 1570/00 തീയതി 05.03.11 | |
| 1999-2000, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.(എസ് 11) 1244/03 തീയതി 21.08.04 | |
| 1999-2000 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1251/04 തീയതി 18.05.05 | |
| 2000-01 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1536/07 തീയതി 07.11.08 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 2362/07 തീയതി 07.11.08 | |
| 2002-03 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 2363/07 തീയതി 07.11.08 | |
| 2003-04 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1686/07 തീയതി 07.11.08 | |
| 2004-05 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 32/09 തീയതി 21.06.10 | |
| 2005-06 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1388/09 തീയതി 02.07.10 | |

| | | |
|---|---|---|
| 2006-07 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1389/09 തീയതി 02.07.10 | |
| 2007-08 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 921/10 തീയതി 23.03.11 | |
| 2008-09 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 922/10 തീയതി 23.03.11 | |
| 2009-10 | എൽ.എഫ്.ടി.(പി 4)1101/12 തീയതി 22.11.12 | |
| 2010-11 | എൽ.എഫ്.ടി.(പി 4)1096/12 തീയതി 21.11.12/13.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി 4)1116/13 തീയതി 04.12.13 | |
| 2012-13 | എൽ.എഫ്.ടി.(പി 8)1035/14 തീയതി 14.11.14/07.01.15 | |
| 2013-14 | എൽ.എഫ്.ടി.(പി 8)193/15 തീയതി 03.08.15/02.06.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1418/15 തീയതി 07.11.15/ 07.12.15 | |
| `2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 2203/16 തീയതി : 20-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1297/17 തീയതി : 07-08-2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 709/19 തീയതി :22.05.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 196/2020, തിയ്യതി:27.4.2020/5.5.2020 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പൂത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്